മുല്ലപ്പെരിയാർ അണക്കെട്ട്

30 (255) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്താൻ ഡാമിന്റെ ഇപ്പോഴത്തെ സ്ഥിതി അനുവദിക്കുന്നുണ്ടോ ;

(ബി) ഡാമിന്റെ ബലക്ഷയം കണക്കിലെടുത്ത് ജലനിരപ്പ് താഴ്ത്തണമെന്ന് വിദഗ്ദ്ധാഭിപ്രായം പ്രയോഗത്തിൽ വരുത്തിയോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഡാമിന്റെ ബലക്ഷയം കണക്കിലെടുത്താണ് 1979-ൽ അന്നത്തെ സി.ഡബ്ല്യു.സി. ചെയർമാനും കേരളം, തമിഴ്നാട് സംസ്ഥാനങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരും കൂടിയാലോചിച്ചാണ് ഡാമിലെ ജലനിരപ്പ് ഇപ്പോഴുള്ള 136 അടിയായി നിലനിർത്തിയത്. ഇതിനായി സ്പിൽവേ ഷട്ടറുകൾ എല്ലാം തുറന്നുവച്ചിരിക്കുകയാണ്. ഈ ജലനിരപ്പുയർത്താൻ കേരളം സമ്മതിച്ചിട്ടില്ല.

ചെമ്പകവല്ലി ഡാം അറ്റകുറ്റപ്പണികൾ

31 (256) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിന്റെ മേൽഭാഗത്തുള്ള ചെമ്പകവല്ലി ഡാം വളരെക്കാലമായി നിലവിലില്ലെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണറിയിച്ചത് ; ഇത് അറിയിച്ച ഉദ്യോഗസ്ഥനാരെന്ന് വെളിപ്പെടുത്തുമോ ;

(ബി) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ചെമ്പകവല്ലി ഡാം അറ്റകുറ്റപ്പണികൾക്കായി തമിഴ്നാട് കേരളത്തിന് നല്കിയ 5.15 ലക്ഷം രൂപ തിരിച്ച് തമിഴ്നാടിന് നല്കിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നല്കിയത് ;

(ഡി) തിരിച്ചുനല്കിയിട്ടില്ലെങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഈ ഡാം വളരെക്കാലമായി ഉപയോഗത്തിലില്ലെന്ന് മാത്രമാണ് വനംവകുപ്പ് അറിയിച്ചിട്ടുള്ളത്. ഇത് നിലവിലില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി&ഡി) ഈ തുക തിരിച്ചുനല്കിയിട്ടില്ല. ഈ ഡാം കരാറിലില്ലാത്തത് ആണെന്നും അനധികൃതമാണെന്നും ഉള്ള കേരളത്തിന്റെ തർക്കത്തെ തുടർന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കാലതാമസം ഉണ്ടായി. തുക തിരിച്ച് നല്കേണ്ട എന്ന് ഇതുവരെയും തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly